# KSFE യെ സംരക്ഷിച്ച് ശക്തിപ്പെടുത്തുക

# തൊഴിലവകാശങ്ങൾ സംരക്ഷിക്കുക

# ജീവനക്കാരുടെ നിയമസഭാ മാർച്ചും ധർണയും

**2015 മാർച്ച് 17 ന്**

ഉദ്ഘാടനം :

**സ: എ. കെ. ബാലൻ MLA**

# HO മാർച്ചും ധർണയും

**2015 മാർച്ച് 3 ന്**

# പ്രതിഷേധ ദിനം

**2015 ഫെബ്രുവരി 28 ന്**

സഖാക്കളേ, സുഹൃത്തുക്കളേ,

താഴെ കൊടുക്കുന്ന അത്യന്തം ഗൗരവതരമായ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ട് പ്രത്യക്ഷ സമര പരിപാടികൾക്ക് നേതൃത്വം നൽകാൻ KSFEലെ കരുത്തുറ്റ സംഘടനയായ KSFE സ്റ്റാഫ് അസ്സോസിയേഷൻ നിർബന്ധിതമായിരിക്കുകയാണ്. ബിസിനസ് വൈവിധ്യവത്കരണത്തിലൂടെയും product modification ലൂടെയും സ്ഥാപനത്തിന്റെ അടിത്തറ വിപുലപ്പെടുത്തേണ്ട സാഹചര്യം അതിക്രമിച്ചിരിക്കുന്നു. രാജ്യത്തെയും വിദേശത്തെയും കുത്തക സ്ഥാപനങ്ങൾ ചിട്ടി കമ്പനികൾ കേരളത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതിന്റെ സൂചനകൾ ലഭിച്ചുകഴിഞ്ഞ സാഹചര്യത്തിൽ ആവശ്യമായ Pre-emptive നടപടികൾ സ്ഥാപനം സ്വീകരിക്കണം. സ്ഥാപനത്തെ ശക്തിപ്പെടുത്തുന്നതിന് ശക്തമായ നിലപാട് മാനേജ്മെന്റും സർക്കാരും സ്വീകരിക്കണമെന്നും ജീവനക്കാരുടെ ശമ്പള പരിഷ്കരണം, പ്രമോഷൻ ആനുകൂല്യങ്ങൾ എന്നിവ സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള ധർമസമരത്തിൽ എല്ലാവിഭാഗം ജീവനക്കാരുടെയും ഏജന്റുമാരുടെയും അപ്രൈസർമാരുടെയും പിന്തുണയും സഹകരണവും ഞങ്ങൾ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്.

1. **KSFEയുടെ ട്രഷറിനിക്ഷേപം സ്വകാര്യ ബാങ്കിൽ പണയം വച്ച നയം തിരുത്തുക.**
2. **കുറഞ്ഞ പലിശനിരക്കിൽ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്ന പണം പിൻവലിച്ച് വായ്പകൾ ശക്തിപ്പെടുത്തുക.**
3. **പൊള്ളച്ചിട്ടികൾ നിയന്ത്രിച്ച് Fund diversion ഒഴിവാക്കുക.**

മേൽ സൂചിപ്പിച്ച മൂന്ന് മുദ്രാവാക്യങ്ങളും പരസ്പര ബന്ധിതമാണ്. KSFE ൽ കേരളീയ മനസാക്ഷി അർപ്പിച്ച വിശ്വാസം മൂലം KSFEയുടെ മൊത്തം നിക്ഷേപം 6900 കോടി കവിയുകയാണ്. 12.50% Cost of Fund കണക്കാക്കിയാൽ പ്രതിവർഷം 900 കോടിയോളം രൂപയുടെ പലിശബാധ്യതയാണ് ഇത് മൂലം ഉണ്ടാകുന്നത്. വായ്പാ പദ്ധതികൾ മരവിച്ചിരിക്കുന്നതിനാൽ ഈ പലിശ ചെലവ് നമുക്ക് ബാധ്യതയാകുകയാണ്. ജീവനക്കാരുടെയും ഏജന്റുമാരുടെയും കഠിനാദ്ധ്വാനത്തിലൂടെയും കാമ്പയിനുകളിലൂടെയും പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾ വഴിയും നാം നേടുന്ന ചിട്ടി ബിസിനസിന്റെ, മൊത്തം പ്രതിവർഷ വരുമാനം 700 കോടിയിൽ താഴെ മാത്രമാണ്. KSFE നേരിടുന്ന അടിസ്ഥാനപരമായ ദൗർബല്യം അന്വേഷിച്ച് പാഴൂർപടിവരെ പോകേണ്ടതില്ലെന്ന് സാരം (നഷ്ടത്തിൽ പ്രവർത്തിക്കുന്ന നമ്മുടെ ശാഖകൾ പഠനവിധേയമാക്കിയാൽ, ഈ ദൗർബല്യം കൂടുതൽ വ്യക്തമാകും.)

ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങൾ നിക്ഷേപത്തിന്റെ ഏതാണ്ട് 100% ഉം (നിയമപരമായ കരുതൽ പണം കഴിച്ച്) വായ്പയായി നൽകിയാണ് അവരുടെ വരുമാനവും ലാഭവും കുന്നുകൂട്ടുന്നത്. കൂടാതെ 'Call money market'ലൂടെയും പണം ലഭ്യമാക്കി വായ്പ നൽകുന്നു.

100 രൂപ നിക്ഷേപമായി സ്വീകരിക്കുന്ന KSFE വെറും 46 രൂപയാണ് വായ്പ നൽകുന്നത്. 6900 കോടി രൂപ നിക്ഷേപമുള്ള നമ്മുടെ സ്ഥാപനം 3200 കോടിരൂപ മാത്രമാണ് വായ്പയായി നൽകിയിട്ടുള്ളത്. ശേഷിക്കുന്ന 3700 കോടി രൂപയെവിടെയെന്ന ചോദ്യം പ്രസക്തമാണ്. 3700 കോടി രൂപയിൽ ഗണ്യമായ ഒരു വിഹിതം ശരാശരി 9% പലിശക്ക് ട്രഷറിയിൽ പാർക്ക് ചെയ്തിരിക്കുകയാണ്. (സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനാൽ അത് എപ്പോൾ ലഭിക്കുമെന്ന് പറയാനാവില്ല) ശരാശരി 14.50% നിരക്കിൽ വായ്പയായി നൽകേണ്ട തുകയാണ് ഈ രീതിയിൽ block ചെയ്യപ്പെട്ടത്. നിക്ഷേപത്തിന്റെ ശേഷിച്ചഭാഗം പൊള്ളച്ചിട്ടികളാണ് കാർന്നുതിന്നുന്നത്.

കുറഞ്ഞ പലിശനിരക്കിൽ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്ന പണം പിൻവലിച്ച്, പൊള്ളചിട്ടികൾ നിയന്ത്രിച്ച് Fund diversion എന്ന ശാപത്തിൽ നിന്നും KSFEയെ മുക്തമാക്കണമെന്നുള്ള ആവശ്യം ശക്തമാകുകയാണ്. വായ്പാപദ്ധതികളെ ശക്തിപ്പെടുത്തിയാൽ വരുമാനവും ലാഭവും വർധിപ്പിക്കാൻ കഴിയും. എന്നാൽ ഇതിനു പകരം മാനേജ്മെന്റ് ചെയ്യുന്നതെന്താണ്? ട്രഷറി നിക്ഷേപ രസീതുകൾ സ്വകാര്യബാങ്കിൽ പണയം വച്ച് ട്രഷറിയെന്ന ഓട്ടപ്പാത്രത്തിലേക്ക് വീണ്ടും പണം പമ്പ് ചെയ്യുന്നു. 'ഇരിക്കുന്ന കൊമ്പ് മുറിക്കുന്ന' ഈ പരിപാടി ആധുനിക കാലത്ത് കേവലം വിഡ്ഢിത്തമല്ല. അഴിമതിയും അധികാര ദുർവിനിയോഗവുമാണ്. സ്റ്റാഫ് അസോസിയേഷൻ ഉയർത്തിയ പ്രതിഷേധത്തെതുടർന്ന് പലിശസഹിതം സർക്കാർ പണം തിരിച്ചടച്ചുവെങ്കിലും ട്രഷറി നിക്ഷേപ രസീതുകൾ മടക്കി വാങ്ങി 'over draft' അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല. ഈ ചാനലിലൂടെ പണം ട്രഷറിയിലേക്കൊഴുകുന്നതിനുള്ള വാതിൽ തുറന്നു തന്നെ കിടക്കുന്നുവെന്ന് സാരം.

**4. ചിട്ടി സെക്യൂരിറ്റി ട്രഷറി നിക്ഷേപത്തിന് പലിശ വരുമാനം ഉറപ്പുവരുത്തുക.**

കേന്ദ്രചിട്ടി ഫണ്ട് നിയമം 1982 സംസ്ഥാനത്ത് നടപ്പിൽ വന്നതിനുശേഷം KSFE ഏകദേശം 1200 കോടിയുടെ ചിട്ടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. തത്തുല്യമായ തുക ചിട്ടിക്കുള്ള സെക്യൂരിറ്റിയായി നാം ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ നിക്ഷേപത്തിന് സർക്കാർ പലിശ നൽകുന്നില്ല. എന്നാൽ പൊതുജനങ്ങളുടെ നിക്ഷേപത്തിന് നാം പ്രതിമാസ പലിശ നൽകുകയും ചെയ്യുന്നു. കൂടാതെ ട്രഷറി നിക്ഷേപത്തിന് Accruel interest നൽകി വരുമാനമായി അക്കൗണ്ട് ചെയ്യുകയാണ്. അങ്ങനെ ബുക്കിൽ മാത്രം വരവ് വച്ച് ലാഭം പെരുപ്പിച്ച് കാണിച്ച് ഉയർന്ന ലാഭവിഹിതം ഗവൺമെന്റിന് നൽകി മിടുക്കു കാട്ടുന്ന പ്രവണത അവസാനിപ്പിക്കണമെന്നും പ്രതിമാസ പലിശവരുമാനം ഉറപ്പാക്കി സ്ഥാപനത്തിന്റെ Liquidity വർധിപ്പിക്കണമെന്നും ആവശ്യപ്പെടുന്നു. കേരള സർക്കാരിന് നൽകുന്ന സർവ്വീസ് ചാർജിന് വരുമാന നികുതിയും സേവനനികുതിയും നൽകേണ്ട ദുഃസ്ഥിതിക്ക് പരിഹാരമുണ്ടാകുകയും വേണം.

**5. ചിട്ടി വരിക്കാർക്കുള്ള സർവീസ് ടാക്സ് നിയമ വിരുദ്ധമായി പ്രഖ്യാപിച്ച സുപ്രീം കോടതി വിധി KSFEയിലെ ചിട്ടി വരിക്കാർക്കും ബാധകമാക്കുക.**

ചിട്ടി വരിക്കാർക്ക് കേന്ദ്രസർക്കാർ 2007-ൽ ഏർപ്പെടുത്തിയ സർവീസ് ടാക്സ് നിയമവിരുദ്ധമാണെന്ന് ബഹു. സുപ്രീം കോടതി പ്രഖ്യാപിച്ചിട്ട് മാസങ്ങൾ കഴിഞ്ഞു. എന്നാൽ KSFEയിലെ ചിട്ടിവരിക്കാർക്ക് ഈ വിധിയുടെ പ്രയോജനം ലഭിക്കുന്നില്ല. പ്രതിവർഷം 70 കോടിയോളം രൂപയാണ് ചിട്ടിവരിക്കാരിൽ നിന്നും KSFE മുഖേന കേന്ദ്ര ഖജനാവിലേക്ക് നിയമവിരുദ്ധമായി പിരിച്ചെടുക്കുന്നത്. നിയമപോരാട്ടം ഊർജ്ജിതപ്പെടുത്തിക്കൊണ്ട് ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടുന്നു.

**6. വൈസ് ചെയർമാന് കുടിശിക പിരിവിന്റെ ചുമതല നൽകിയ സർക്കാർ ഉത്തരവ് പിൻവലിക്കുക.**

29-5-2014 ലെ 411/2014 എന്ന സർക്കാർ ഉത്തരവ് വഴിയാണ് KSFE വൈസ് ചെയർമാന് കുടിശിക പിരിവിന്റെ ചുമതല നൽകിയത്. Companies Act ന്റെ പവിത്ര വ്യവസ്ഥയായ 'Duality of power' ഉണ്ടാകാൻ പാടില്ലയെന്നതിന്റെ നഗ്നമായ ലംഘനമാണ് ഇത്. പ്രസ്തുത സർക്കാർ ഉത്തരവ് അടിയന്തിരമായി പിൻവലിക്കണമെന്ന് ഞങ്ങൾ സർക്കാരിനോടാവശ്യപ്പെടുന്നു.

**7. ശമ്പള പരിഷ്കരണം നടപ്പാക്കുക.**

ശമ്പളപരിഷ്കരണ ചർച്ച അനന്തമായി വലിച്ചിഴക്കുകയാണ്. ഇടക്കാലാശ്വാസം നൽകിയെന്നതിനപ്പുറം ശമ്പള പരിഷ്കരണത്തിന്റെ പ്രധാന മേഖലകളിലേയ്ക്ക് ചർച്ച പോലും ആരംഭിച്ചിട്ടില്ല. അടിയന്തിരമായി തുടർചർച്ച വിളിച്ചുചേർത്ത് ശമ്പള പരിഷ്കരണം നടപ്പാക്കണമെന്ന് മാനേജ്മെന്റിനോടും സർക്കാരിനോടും ആവശ്യപ്പെടുന്നു. ശമ്പളപരിഷ്കരണ ചർച്ച പൂർത്തിയാകാത്തതിനാൽ PTS, ഡ്രൈവർ എന്നീ അടിസ്ഥാന വിഭാഗം ജീവനക്കാരുടെ ഗ്രേഡ് പ്രമോഷനുകൾ ഉൾപ്പെടെയുള്ള സർവ്വീസ് ആനുകൂല്യങ്ങൾ അനന്തമായി വൈകുകയാണ്.

**8. വർക്മെൻ ജീവനക്കാരുടെ സ്ഥലംമാറ്റ ചട്ടത്തിലെ പക്ഷപാതകരമായ സമീപനം തിരുത്തുക.**

ഓഫീസർ വിഭാഗം ജീവനക്കാർക്ക് അവരുടെ മൊത്തം സർവീസ് കാലയളവിൽ 7 മാസം മാത്രം മലബാർ സർവീസ് എന്ന വ്യവസ്ഥയാണുള്ളത്. എന്നാൽ വർക്ക്മെൻ ജീവനക്കാർ പത്തുവർഷത്തിലൊരിക്കൽ 3 വർഷം മലബാർ സർവ്വീസ് ചെയ്യുകയും വേണം. പക്ഷപാതകരമായ ഈ വ്യവസ്ഥ അടിയന്തിരമായി തിരുത്തണമെന്ന് സംഘടന ആവശ്യപ്പെടുന്നു.

**9. സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ അസിസ്റ്റന്റ് തസ്തികയിലെ 10% ഒഴിവുകൾ ഓഫീസ് അറ്റൻഡന്റുമാർക്ക് സംവരണം ചെയ്യുക.**

പ്രസ്തുത സർക്കാർ ഉത്തരവ് KSFE യിൽ നടപ്പാക്കണമെന്ന മാനേജ്മെന്റ് നിർദേശം സർക്കാർ തള്ളിയിരിക്കുകയാണ്. പ്രസ്തുത ഉത്തരവ് പൊതുമേഖലകൾക്ക് ബാധകമല്ലെന്നാണ് നിർദേശം തള്ളിക്കൊണ്ടുള്ള സർക്കാരിന്റെ വാദം. SSLC യോഗ്യതയുള്ളവർക്കും കൂടി ബാധകമാകത്തക്ക രീതിയിൽ പ്രസ്തുത ഉത്തരവ്നടപ്പാക്കണമെന്ന ആവശ്യം മാനേജ്മെന്റ് പരിഗണിച്ചില്ല.

കള്ളുചെത്തു ക്ഷേമനിധി ബോർഡിലും KSEB യിലും പ്രസ്തുത ഉത്തരവ് നടപ്പാക്കുകയും അതിന്റെയടിസ്ഥാനത്തിൽ പ്രമോഷൻ നൽകുകയും ചെയ്തു. അവിടെയൊന്നും തന്നെ ബിരുദം മാനദണ്ഡമാക്കിയിട്ടുമില്ല. സ്ഥാപനത്തിലെ ജീവനക്കാരുടെ താത്പര്യം മുൻനിർത്തി സർക്കാരിനെ പ്രശ്നത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തി, പ്രസ്തുത ഉത്തരവ് KSFEയിലും നടപ്പാക്കാൻ മാനേജ്മെന്റ് ശക്തമായി ഇടപെടണമെന്ന് സംഘടന ആവശ്യപ്പെടുന്നു.

**10. 'ഡെസ്പാച്ച് അസിസ്റ്റന്റ്" ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവചിച്ച് നൽകുക.**

KSFE യിലെ 84 ഡെസ്പാച്ച് അസിസ്റ്റന്റുമാർ നിലവിൽ 'ഇല്ലത്തു നിന്നും ഇറങ്ങി.... പക്ഷേ അമ്മാത്ത് എത്തിയതുമില്ല' എന്ന അവസ്ഥയിലാണ്. ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണണമെന്നും Despatch Asst. ഒരു cader ആയി അംഗീകരിക്കണമെന്നും അവരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവചിച്ച് നൽകണമെന്നും ആവശ്യപ്പെടുന്നു.

**11. അസി.മാനേജർ തസ്തികയിലേക്കുള്ള പ്രമോഷൻ അടിയന്തിരമായി നൽകുക.**

പ്രമോഷൻ ടെസ്റ്റ് പാസായി 11 വർഷത്തിലധികം അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന 195 ജീവനക്കാർ കമ്പനിയിലുണ്ട്. ഇവർക്ക് കഴിഞ്ഞ സെറ്റിൽമെന്റ് വ്യവസ്ഥയനുസരിച്ച് Time bound പ്രമോഷൻ അടിയന്തിരമായി നൽകണമെന്നാവശ്യപ്പെടുന്നു.

25,000 കോടി ടേണോവറിലേക്ക് കുതിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനത്തിൽ ഓഫീസർ തസ്തികയിലേക്കുള്ള പ്രമോഷൻ മീൻചന്തയിലെ ലേലം വിളി പോലെയാകുവാൻ പാടില്ല. മാനേജ്മെന്റ് ഏകപക്ഷീയമായി അസി.മാനേജർമാരുടെ എണ്ണം നിശ്ചയിക്കുന്നതിനാൽ പ്രമോഷൻ വ്യവസ്ഥക്ക് സുതാര്യതയും ഇല്ല. മാന്വൽ നോംസും കമ്പ്യൂട്ടർ നോംസും കൂട്ടിക്കലർത്തി 'അവിയൽ നോംസ് 'നടപ്പാക്കുകയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയതിനുശേഷം അസി.മാനേജർമാരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും പുനർനിർണയിക്കാൻ മാനേജ്മെന്റ് ഇനിയും സന്നദ്ധമായിട്ടില്ല. ഓരോ ശാഖയിലും RO/HO യിലും അസി.മാനേജർമാരുടെ Requirement കണക്കാക്കിയതിന്റെ Calculation sheet ആവശ്യപ്പെട്ടിട്ടും നാളിതുവരെ നൽകിയിട്ടില്ല. അടിയന്തിരമായി ചർച്ച വിളിച്ച് പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്നാവശ്യപ്പെടുന്നു.

**12. ഏജന്റുമാരുടെയും അപ്രൈസർമാരുടെയും തൊഴിലവകാശങ്ങൾ ഉറപ്പുവരുത്തുക.**

സമരങ്ങളിലൂടെയും പോരാട്ടങ്ങളിലൂടെയും മാന്യമായ കൂലിയും ക്ഷേമ ആനുകൂല്യങ്ങളും നേടിയെടുത്തവരാണ് കേരളത്തിലെ തൊഴിലാളിവർഗം. ചെങ്കൊടി പ്രസ്ഥാനത്തിന്റെ തണലിലാണ് ഈ ആനുകൂല്യങ്ങളൊക്കെയും അവർ നേടിയത്. അന്യ സംസ്ഥാന തൊഴിലാളികൾക്ക് വരെ ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകിയ പ്രബുദ്ധമായ നാടാണ് കേരളം.

ഒരു തൊഴിലാളിക്ക് 15,000/- രൂപ എങ്കിലും മിനിമം കൂലി നൽകണമെന്ന ആവശ്യം രാജ്യത്ത് സി.ഐ.ടി.യു പ്രസ്ഥാനം അതിശക്തമായി ഉയർത്തുകയാണ്. ഈ അവസരത്തിൽ മെച്ചപ്പെട്ട കൂലിക്കും തൊഴിലവകാശത്തിനും ക്ഷേമനിധി ആനുകൂല്യങ്ങൾക്കും വേണ്ടി അപ്രൈസർമാരുടെയും ഏജന്റുമാരുടെയും യൂണിയനുകൾ ഉയർത്തുന്ന ന്യായമായ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടുന്നു. അവരുടെ ന്യായമായ ആവശ്യങ്ങളോട് ഞങ്ങൾ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

സഖാക്കളേ, സുഹൃത്തുക്കളേ,

നമ്മുടെ മുഖത്തെ പുഞ്ചിരിയും നമ്മുടെ കുടുംബത്തിന്റെയും കുഞ്ഞുങ്ങളുടെയും ഭാവിയും ഐശ്വര്യവും KSFE യുടെ ശാക്തീകരണവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. KSRTC യിലെ 14 വിലപ്പെട്ട ജീവനുകൾ ആത്മഹത്യയിലൂടെ പൊലിഞ്ഞപ്പോൾ തകർന്ന കുടുംബങ്ങളുടെ കണ്ണുനീർ നമുക്ക് കാണാതിരിക്കാനാകില്ല. സ്ഥാപനത്തെ ദുർബലപ്പെടുത്തുന്ന ഓരോ നടപടിയും നമ്മുടെ ശവപ്പെട്ടിയിലെ ആണികളാണെന്ന നടുക്കമുളവാക്കുന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. ആയതിനാൽ സ്ഥാപനത്തെ സംരക്ഷിച്ച് ശക്തിപ്പെടുത്തുക; തൊഴിലവകാശങ്ങൾ സംരക്ഷിക്കുക എന്ന കാലിക പ്രസക്തമായ മുദ്രാവാക്യം ഉയർത്തികൊണ്ട് 2015 ഫെബ്രുവരി 28 ന് നടക്കുന്ന പ്രതിഷേധ ദിനാചരണത്തിലും മാർച്ച് 3ന്റെ HO മാർച്ചിലും നിയമസഭ സമ്മേളിക്കുന്ന വേളയിൽ മാർച്ച് 17ന് നടത്തുന്ന നിയമസഭാ മാർച്ചിലും പങ്കെടുത്ത് നമ്മുടെ അതിജീവന സമരത്തെ വിജയിപ്പിക്കാൻ ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങണമെന്ന് എല്ലാവിഭാഗം ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

*അഭിവാദനങ്ങളോടെ,*

**എസ്.മുരളികൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
KSFE സ്റ്റാഫ് അസ്സോസിയേഷൻ (സി.ഐ.ടി.യു)

തൃശൂർ,
19-02-2015.